# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4964** | **23.03.2018-ൽ മറുപടിയ്ക്ക്**

### പാലക്കാട് ഫോക് ലോർ അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| പാലക്കാട് ഫോക് ലോർ അക്കാദമിയുടെ നവീകരണ പ്രവർത്തനങ്ങളുടെ തത് സ്ഥിതി വിശദമാക്കാമോ? | ഫോക് ലോർ അക്കാദമിക്ക് ക്ഷേത്രകലയേയും വാദ്യോപകരണങ്ങളെയും കുറിച്ച് പഠനം നടത്തുന്നതിന് ഒരു കേന്ദ്രം പാലക്കാട് തുറക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റിന്റെ 2011-12 ലെ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് ഡി.ടി.പി.സി.യുടെ അധീനതയിലുള്ള കല്പാത്തിയിലുള്ള മണി അയ്യർ ഓഡിറ്റോറിയം പ്രതിമാസം 2000 രൂപയ്ക്ക് വാടകയ്ക്കെടുക്കുകയും വാദ്യകലാ ഉപകരണ മ്യൂസിയം ആരംഭിക്കുകയും ചെയ്തു. ഈ സ്ഥലം പിന്നീട് ഡി.ടി.പി.സി 99 വർഷത്തേക്ക് ഫോക് ലോർ അക്കാദമിക്ക് ലീസിന് നൽകുകയും ചെയ്തു.<br><br>2014-ൽ ഈ മ്യൂസിയത്തെ പൈതൃകമ്യൂസിയമായി മാറ്റിയെടുക്കണമെന്ന് തീരുമാനിക്കുകയും മ്യൂസിയം അധികാരികളും സാംസ്കാരിക വകുപ്പും ഫോക് ലോർ അക്കാദമിയും ചേർന്നുള്ള സംയുക്ത തീരുമാനത്തിന്റെ ഭാഗമായി പാലക്കാട് ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കാൻ മണി അയ്യർ ഓഡിറ്റോറിയം പുരാവസ്തു വകുപ്പിന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. പുരാവസ്തു വകുപ്പ് മ്യൂസിയത്തിന്റെ നിർമ്മാണം ഏറ്റെടുത്ത് കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിനായി മ്യൂസിയം സമിതിയുടെ ശുപാർശ മാനിച്ച് താൽപ്പര്യപത്രം വിളിച്ച് ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ